# അച്ചടി വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

(ഹാജർ: ഷിബു. എ.റ്റി)

തിരുവനന്തപുരം

നമ്പർ. PTGD/567/2022-E10 തീയതി. 01/06/2023

വിഷയം:- അച്ചടി വകുപ്പ് - ജീവനക്കാര്യം - ജനറൽ ഫോർമാൻ തസ്തികയിലേക്ക് സ്ഥാനക്കയറ്റം/സ്ഥലംമാറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-

1. സർക്കാരിന്റെ 30/09/2016 ലെസ.ഉ (സാധാ) 19/2016/ഉ.വി.വ നമ്പർ ഉത്തരവ്
2. കേരള സർക്കാരിന്റെ 30/09/2016 ലെ 695-ാം നമ്പർ ഗസറ്റ് വിജ്ഞാപന പ്രകാരമുള്ള വിശേഷാൽ ചട്ടം.
3. സർക്കാരിന്റെ 25/02/2017 ലെ സ.ഉ (അച്ചടി) നം. 3/2017/ഉ.വി.വ നമ്പർ ഉത്തരവ്
4. സർക്കാരിന്റെ 05/03/2020 ലെ സ.ഉ (സാധാ) 380/2020/ഉ.വി.വ നമ്പർ ഉത്തരവ്
5. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 01/06/2020 ലെ OA No. 727/2020 നമ്പർ ഇടക്കാല ഉത്തരവ്.
6. അച്ചടി വകുപ്പ് ഡയറക്ടറുടെ 04/09/2020 ലെ 5515/2017/ഇ 8 നമ്പർ ഉത്തരവ്.
7. മണ്ണന്തല ഗവൺമെന്റ് പ്രസ്സിലെ ജനറൽ ഫോർമാൻ ശ്രീമതി കുമാരി ജൈല. സി യുടെ 19/09/2022 തീയതിയിലെ അപേക്ഷ.
8. അച്ചടി വകുപ്പ് ഡയറക്ടറുടെ 02/12/2020 ലെ 5515/2017/ഇ 8 നമ്പർ ഉത്തരവ്.
9. അച്ചടി വകുപ്പ് ഡയറക്ടറുടെ 22/05/2023 ലെ PTGD/567/2022-E10 നമ്പർ കത്ത്.
10. അച്ചടി വകുപ്പ് ഡയറക്ടറുടെ 31/05/2023 ലെ ഇതേ നമ്പർ ഉത്തരവ്.
11. സ്റ്റോഴ്സ് പർച്ചേസ് (സി) വകുപ്പിന്റെ 31/05/2023 തീയതിയിലെ എസ്.പി.ഡി-സി1/71/2023-എസ്.പി.ഡി നമ്പർ കത്ത്.
12. അച്ചടി വകുപ്പ് ഡയറക്ടറുടെ 31/05/2023 ലെ PTGD/567/2022-E10 നമ്പർ കത്ത്.
13. സർക്കാർ മുദ്രനിർമ്മാണശാലയിലെ ജനറൽ ഫോർമാൻ ശ്രീ. കെ.എസ്. കൃഷ്ണജിത്ത് -ന്റെ 01/06/2023 തീയതിയിലെ അപേക്ഷ.

# ഉത്തരവ്

അച്ചടി വകുപ്പിലെ വാഴൂർ ഗവൺമെന്റ് പ്രസ്സിലെ ജനറൽ ഫോർമാൻ ആയ ശ്രീ. കെ.ഗംഗാധരൻ, തിരുവനന്തപുരം സെൻട്രൽ പ്രിസൺ പ്രസ്സിലെ ജനറൽ ഫോർമാനായ ശ്രീമതി ബീന. ടി.ടി എന്നിവർ 31/05/2023 ന് സർവ്വീസിൽ നിന്നും വിരമിച്ചതിനാൽ അച്ചടി വകുപ്പിൽ ജനറൽ ഫോർമാൻ തസ്തികയിലേയ്ക്ക് രണ്ട് ഒഴിവുകൾ നിലവിലുണ്ട്.

അസിസ്റ്റന്റ് ഫോർമാൻ മുതൽ മുകളിലേക്കുള്ള എല്ലാ തസ്തികളിലും ഒരു വർഷം പ്രൊബേഷൻ കാലയളവ് നിശ്ചയിച്ചിട്ടുള്ളതാണ്. ആകയാൽ തന്നെ ഈ വിഭാഗങ്ങളുടെ (Offset Printing and Machine) തർക്കം പരിഹരിക്കപ്പെട്ടശേഷം ജൂനിയർ ഫോർമാൻ, സീനിയർ ഫോർമാൻ എന്നീ രണ്ട് തസ്തികകളിലേയ്ക്കും യഥാവിധി പ്രമോഷൻ നൽകിയശേഷം മാത്രമേ പ്രിന്റിംഗ്, മെഷീൻ വിഭാഗങ്ങളിൽ നിന്നുള്ള ഉദ്യോഗസ്ഥരെ ജനറൽ ഫോർമാൻ തസ്തികയിലേയ്ക്ക് പരിഗണിക്കുവാൻ സാധിക്കുകയുള്ളൂ.

മേൽ വസ്തുതകൾ കണക്കിലെടുത്തുകൊണ്ട് അച്ചടി വകുപ്പ് തയ്യാറാക്കിയ ജനറൽ ഫോർമാൻ തസ്തികയിലെ സംയോജിത മുൻഗണനാ പട്ടികയിൽ നിന്നും യോഗ്യത നേടിയിട്ടുള്ള ആദ്യ 4 ജീവനക്കാർക്ക് റഗുലർ പ്രൊമോഷൻ നൽകുന്നതിന് സർക്കാർ പരാമർശം (11) പ്രകാരം അച്ചടി വകുപ്പ് മേധാവിയ്ക്ക് അടിയന്തിര നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (12) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പരാമർശം (6) ലെ സംയോജിത മുൻഗണനാ പട്ടികയിൽ ക്രമ നം. 67, 68 ആയി വരുന്ന ജീവനക്കാർക്ക് സ്ഥാനക്കയറ്റം നൽകുകയും പരാമർശം (12) പ്രകാരം സ്ഥാനക്കയറ്റം ലഭിച്ച ക്രമ നം.66 ശ്രീ. ഗംഗാധരൻ, ക്രമ നം.58 ശ്രീമതി ബീന. ടി.ടി എന്നിവർ 31/05/2023 ൽ വിരമിച്ചതിനാലും രണ്ട് ഒഴിവുകൾ ഇപ്പോൾ സംജാതമായിരിക്കുകയാണ്. പരാമർശം (7), (12) എന്നിവയിലെ സ്ഥലംമാറ്റ അപേക്ഷകൾ പരിഗണിച്ച് സ്ഥാനക്കയറ്റം/സ്ഥലംമാറ്റം എന്നിവ താഴെ പറയും പ്രകാരം നൽകി ഉത്തരവാകുന്നു.

| ക്രമ നം. | പേര്, തസ്തിക, ഇപ്പോൾ ജോലി ചെയ്യുന്ന കാര്യാലയം | സ്ഥാനക്കയറ്റം നൽകി നിയമിക്കപ്പെടുന്ന കാര്യാലയം/ ശമ്പള സ്കെയിൽ | ഒഴിവ് സംബന്ധിച്ച വിവരം |
|---|---|---|---|
| 1. | ശ്രീമതി കുമാരി ജൈല. സി<br>ജനറൽ ഫോർമാൻ,<br>ഗവൺമെന്റ് പ്രസ്സ്,<br>മണ്ണന്തല. | സ്ഥലംമാറ്റം<br>(ഭരണപരമായ സൗകര്യാർത്ഥം)<br>ജനറൽ ഫോർമാൻ<br>സർക്കാർ മുദ്രനിർമ്മാണശാല,<br>തിരുവനന്തപുരം. | ശ്രീ. കെ.എസ്. കൃഷ്ണജിത്തിന് സ്ഥലംമാറ്റം നൽകിയ ഒഴിവിൽ |

| | | | |
|---|---|---|---|
| 2. | ശ്രീ. കെ.എസ്. കൃഷ്ണജിത്ത്<br>ജനറൽ ഫോർമാൻ,<br>സർക്കാർ മുദ്രനിർമ്മാണശാല,<br>തിരുവനന്തപുരം. | സ്ഥലംമാറ്റം<br>(ഭരണപരമായ സൗകര്യാർത്ഥം)<br>ജനറൽ ഫോർമാൻ<br>സെൻട്രൽ പ്രിസൺ പ്രസ്സ്,<br>തിരുവനന്തപുരം. | ശ്രീമതി ടി.ടി<br>ബീന വിരമിച്ച<br>ഒഴിവിൽ |
| 3. | ശ്രീമതി ജയകുമാരി. ജെ<br>സീനിയർ ഫോർമാൻ(ബൈൻഡിംഗ്),<br>സർക്കാർ മുദ്രനിർമ്മാണശാല,<br>തിരുവനന്തപുരം. | സ്ഥാനക്കയറ്റം<br>ജനറൽ ഫോർമാൻ<br>ഗവൺമെന്റ് പ്രസ്സ്,<br>മണ്ണന്തല.<br>(45600 – 95600) | ശ്രീമതി കുമാരി<br>ജൈല. സി ക്ക്<br>സ്ഥലംമാറ്റം<br>നൽകിയ<br>ഒഴിവിൽ |
| 4. | ശ്രീ. പി. രാജീവ് കുമാർ<br>സീനിയർ ഫോർമാൻ(ബൈൻഡിംഗ്),<br>ഗവൺമെന്റ് പ്രസ്സ്,<br>എറണാകുളം. | സ്ഥാനക്കയറ്റം<br>ജനറൽ ഫോർമാൻ<br>ഗവൺമെന്റ് പ്രസ്സ്, വാഴൂർ.<br>(45600 – 95600) | ശ്രീ. കെ.<br>ഗംഗാധരൻ<br>വിരമിച്ച ഒഴിവിൽ |

പ്രസ്തുത സ്ഥാനക്കയറ്റങ്ങൾ നിലവിലുള്ള കേസുകളുടെ അന്തിമ വിധിയ്ക്ക് വിധേയമായിരിക്കുകയും, ടി ജീവനക്കാരുടെ സീനിയോറിറ്റി സർക്കാർ നിർദ്ദേശങ്ങൾക്കോ, കോടതി ഉത്തരവുകൾക്കോ മാറ്റം വരുന്നപക്ഷം സ്ഥാനക്കയറ്റങ്ങളിൽ സംഭവിക്കുന്ന മാറ്റങ്ങൾക്ക് സമ്മതമാണെന്നുള്ള സത്യവാങ്മൂലം ജോലിയിൽ പ്രവേശിക്കുന്നവേളയിൽ സമർപ്പിക്കേണ്ടതാണ്.

സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരെ വിടുതൽ ചെയ്യുന്നതിനും ജോലിയിൽ പ്രവേശിപ്പിക്കുന്നതിനുമുള്ള അടിയന്തിര നടപടികൾ അതാത് ഡെപ്യൂട്ടി/അസിസ്റ്റന്റ് സൂപ്രണ്ടുമാർ സ്വീകരിക്കേണ്ടതാണ്. സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർക്ക് നിയമാനുസൃതമായ ചേരുംകാലത്തിനും യാത്രാ ബത്തയ്ക്കും അർഹത ഉണ്ടായിരിക്കുന്നതാണ്.

ഒപ്പ്/-
അച്ചടി വകുപ്പ് ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്,

പകർപ്പ്:- അച്ചടി വകുപ്പ് ഡയറക്ടറുടെ സി.എ/ഗവ.പ്രസ്സുകളുടെ സൂപ്രണ്ടിന്റെ സി.എ/
ഡെപ്യൂട്ടി സൂപ്രണ്ട്, സർക്കാർ മുദ്രനിർമ്മാണശാല, തിരുവനന്തപുരം /
ഡെപ്യൂട്ടി സൂപ്രണ്ട്, ഗവൺമെന്റ് പ്രസ്സ്, മണ്ണന്തല/എറണാകുളം/വാഴൂർ/
അസിസ്റ്റന്റ് സൂപ്രണ്ട്, സെൻട്രൽ പ്രിസൺ പ്രസ്സ്, തിരുവനന്തപുരം/
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/ഫിനാൻസ് ഓഫീസർ/ജൂനിയർ സൂപ്രണ്ട് ഇ II/
ഫയൽ/കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട്